വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ): (എ) കൊട്ടങ്ങല്ലൂരിൽ പാലം പണി. എടവിലങ്ങു് പഞ്ചായത്തിൽ റോഡു സംരക്ഷണ ജോലിയും കിണർ നന്നാക്കലും.

(ബി) കൊട്ടങ്ങല്ലൂർ പഞ്ചായത്തിൽ റോഡു സംരക്ഷണജോലി.

(സി) കൊട്ടങ്ങല്ലൂർ പഞ്ചായത്തു്

എ. മോഡൽ പഞ്ചായത്തു റോഡു് നന്നാക്കൽ. അകപിസിഷൻ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടു്.

ബി. ശൃംഗപുരത്തു് കിണർ. കിണർ കഴിക്കുവാനുള്ള സ്ഥലം തീർച്ചയാകാത്തതുകൊണ്ടു്.

സി. ഞനാപ്പുഴ കുളം. ഈ കുളത്തിനുള്ള സംഖ്യ പഞ്ചായത്തിന്റെ അഭിപ്രായപ്രകാരം വേറെ പുതിയ ജോലികൾക്കായി മാറിവെച്ചിരിക്കുന്നു.

എടവിലങ്ങു പഞ്ചായത്തു്

തോട്ട താഴ്ത്തൽ. ഭൂമി അകപിസിഷൻ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടു്.

ഉപഷാപ്പുകൾ

*ക്വ ന്യ. (സ. സ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉപഷാപ്പുകൾ അനുവദിക്കുന്ന നയം ഗവണ്മെന്റു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) കുന്നത്തുനാടു താലൂക്കിൽ കോതകുളങ്ങരപ്പുകുതി ഒഴുകം കരയിൽ വല്ല ഉപഷാപ്പുകളും അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്തു് ചില ദിവസങ്ങളിൽ ഉപഷാപ്പു് ഉണ്ടാകുവാനും ചില ദിവസം ഇല്ലാതാകുവാനും കാരണം എന്തു്;

(ഡി) ഉപഷാപ്പുകൾ അനുവദിക്കണമെന്നുകാണിച്ചു് വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ): (എ) ഇല്ല.

(ബി) ഇല്ല.

(സി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ലഭിച്ചിട്ടുണ്ടു്.

പബ്ലിക്കു് കാര്യ ആഫീസു്

*ക്വ ഒ. (ര ം) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ ഒരു കൊല്ലത്തിനകം പബ്ലിക്കു് കാര്യ ആഫീസിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര എണ്ണം അനുവദിച്ചു; അവ ഏതെല്ലാം?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പു് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) & ബി) പബ്ലിക്കു് കാര്യ ആഫീസുകൾ തുറക്കുന്നതിനായി മൂന്നു അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു. അവയെല്ലാം ടെലിഫോൺ അധികൃതരോടു് അപേക്ഷിക്കാനായി മറുപടി കൊടുത്തിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly